## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5727 28/03/2018-ന് മറുപടിക്ക്

# പറമ്പിക്കുളം ഗ്രൂപ്പ് ഡാമുകളിൽ നിന്നും ലഭിക്കുന്ന വെള്ളത്തിന്റെ പരിധി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ.കൃഷ്ണൻകുട്ടി | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) പറമ്പിക്കുളം ഗ്രൂപ്പ് ഡാമുകളിൽ നിന്നും കേരളത്തിന് വെള്ളം കിട്ടുന്നതിന് കരാറിൽ പറഞ്ഞിട്ടുള്ള 16.5 ടി.എം.സി പരിധിയിൽ കൂടുതലായാൽ , കരാർ നിലവിൽ വന്നതിന് ശേഷമുള്ള 10 വർഷത്തെ ഗേജിങ് അടിസ്ഥാനത്തിൽ പുനർനിശ്ചയിക്കണമെന്ന വ്യവസ്ഥ പാലിക്കപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ ;<br><br>ബി)കരാർ വ്യവസ്ഥ പുനർ നിർണയിച്ച് കേരളത്തിന് അർഹതപ്പെട്ട ജലം നേടിയെടുക്കാൻ സർക്കാർ സമയബന്ധിത നടപടികളെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നല്കുമോ ; | എ &ബി | പറമ്പിക്കുളം ആളിയാർ പദ്ധതി കരാറിന്റെ ഷെഡ്യൂൾ II ഖണ്ഡിക 3 (b) (i) ൽ വ്യക്തമാക്കിയിട്ടുള്ളതു പോലെ, കേരളത്തിലേയും തമിഴ്നാടിലേയും ഉദ്യോഗസ്ഥർ സംയുക്തമായി ജല ക്രമീകരണ (ജെ.ഡബ്ല്യു.ആർ) ബോർഡിന്റെ മേൽനോട്ടത്തിൽ പറമ്പിക്കുളം സിസ്റ്റവുമായി ബന്ധപ്പെടുത്തി ഡാമുകളിലെ 1970 മുതൽ 10 വർഷത്തെ ജലലഭ്യതയുടെ ശരാശരി തിട്ടപ്പെടുത്തി, കരാറിൽ പ്രതിപാദിച്ചിരിക്കുന്നതനുസരിച്ച് ജലം കേരളത്തിന് ലഭ്യമാക്കണമെന്ന്, കേരളം സംയുക്ത ജലക്രമീകരണ ബോർഡ് യോഗത്തിൽ തമിഴ്നാടിനോടാവശ്യപ്പെട്ടിരുന്നു എന്നാൽ ബോർഡ് യോഗത്തിൽ ഇതു സംബന്ധിച്ച് തീരുമാനമാകാതെ വന്നപ്പോൾ തുടർ നിർദ്ദേശത്തിനായി ഇരുസർക്കാരുകളേയും അറിയിക്കുകയും ചെയ്തിരുന്നു. കരാർ പുനരവലോകനം |

ചെയ്യുന്നതിനായി കേരളസർക്കാർ 1988 ൽ തമിഴ്നാടിനു കൈമാറിയ മെമ്മോറാണ്ടത്തിലും ഈ ആവശ്യം ഉന്നയിച്ചിരുന്നു. കൂടാതെ ഉഭയകക്ഷി ചർച്ചകളിലും കേരളം ഈ ആവശ്യം നിരന്തരം ഉന്നയിച്ചു വരുന്നു.

| | | |
|---|---|---|
| സി)പി.എ.പി കരാർ പ്രകാരം കൊണ്ടൂർ കനാൽ വഴി കടത്തുന്ന ജലത്തിന്റെ അളവ് കണക്കാക്കാൻ ജെ.ഡബ്യൂ.ആർ ബോർഡിനെ കരാർ പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത കനാൽ വഴി ഇന്റർസെപ്റ്റ് ചെയ്ത ജലത്തിന്റെ കഴിഞ്ഞ ഇരുപത് വർഷത്തെ കണക്ക് ലഭ്യമാക്കുമോ ; | സി) | പി.എപി. കരാറിലെ ഷെഡ്യൂൾ V ഖണ്ഡിക 2(b) പ്രകാരം ആളിയാർ വൃഷ്ടിപ്രദേശത്തിൽ നിന്ന് കോണ്ടൂർ കനാലിൽ ഇന്റർസെപ്റ്റ് ചെയ്യുന്ന ജലത്തിന്റെ അളവ് തിട്ടപ്പെടുത്തണമെന്ന് ജെ.ഡബ്ല്യു.ആർ. ബോർഡിന്റെ ഉത്തരവാദിത്തമായി പറയുന്നുണ്ട്. കോണ്ടൂർ കനാൽ വഴി ഇന്റർസെപ്റ്റ് ചെയ്ത ജലത്തിന്റെ അളവ് ജലവർഷം 1970 - 71 മുതൽ 2002 - 03 വരെ കണക്കാക്കി ജെ.ഡബ്ല്യു.ആർ.ബോർഡ് യോഗത്തിൽ അവതരിപ്പിച്ചെങ്കിലും തമിഴ്നാട് ഇതിനോട് യോജിച്ചില്ല. ഉഭയകക്ഷി ചർച്ചകളിൽ, കേരളം ഈ വിഷയം ഉന്നയിച്ചു വരുന്നുണ്ട്. |
| ഡി) പ്രസ്തുത കണക്ക് നിശ്ചയിച്ചിട്ടില്ലെങ്കിൽ ഇത് ജെ.ഡബ്യൂ.ആർ ബോർഡിന്റെ വീഴ്ചയായി കണക്കാക്കുമോ ; ഇത് ലഭ്യമാക്കാൻ ബോർഡിന് കർശന നിർദ്ദേശം നൽകുമോ ; വ്യക്തമാക്കുമോ ? | ഡി | പ്രസ്തുത വിഷയത്തിൽ, ജെ.ഡബ്ല്യു.ആർ. ബോർഡിൽ അഭിപ്രായ വ്യത്യാസമുണ്ടായപ്പോൾ ഈ വിഷയം ഇരു ഗവൺമെന്റുകളെയും അറിയിച്ചിട്ടുള്ളതിനാൽ ജെ.ഡബ്ല്യു.ആർ. ബോർഡിന്റെ വീഴ്ചയായി കണക്കാക്കാൻ സാധിക്കില്ല. |

സെക്ഷൻ ഓഫീസർ